(ബി) ഏതെല്ലാം കേസ്സുകളിൽ സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്;

(സി) ഈ കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓൺലൈൻ ലോട്ടറിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കേസ്സുകൾ നിലവിലുണ്ട്;

1. W.P. (C) 14495/05 സിക്കിം സർക്കാർ Vs. കേരള.

2. W.P. (C) 16063/05 ഓൺലൈൻ ലോട്ടറി നിരോധനത്തിനെതിരെ ശ്രീമതി ശ്രീകല പി. ഒ.-യും മറ്റ് ഇരുപേരും സമർപ്പിച്ച കേസ്.

3. W.P. (C) 29629/04 ഓൺലൈൻ ലോട്ടറികളുടെ നടത്തിപ്പിനെ സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം ആവശ്യപ്പെട്ട് ശ്രീ. റസ്സൽ ജോയ് കാട്ടിത്തറ സമർപ്പിച്ച കേസ്.

(ബി) W. P. (C) 14495/05-ലും W. P. (C) 16063/05-ലും സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

(സി) ഹൈക്കോടതിയുടെ പരിഗണനയിലാണ്.

ഓൺലൈൻ ലോട്ടറി കമ്പനികൾ നടത്തിയ നികുതി വെട്ടിപ്പു സംബന്ധിച്ച് സർക്കാർ അന്വേഷണം

43 [2652] ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറി കമ്പനികൾ നടത്തിയ നികുതിവെട്ടിപ്പു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) 1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയമ വ്യവസ്ഥയിലെ സെക്ഷൻ 4 ലംഘിച്ച് ടിക്കറ്റ് വിൽക്കുന്നത് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാതെയും എടുത്ത കേസ്സുകൾ പിൻവലിക്കാമെന്നും ചീഫ് സെക്രട്ടറി സുപ്രീംകോടതിയിൽ സത്യവാങ്മൂലം നല്കിയിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ പിൻവലിച്ചു;

(ഡി) കേന്ദ്ര നിയമത്തിലെ സെക്ഷൻ 4-ലെ വ്യവസ്ഥകൾ ലംഘിച്ച് ടിക്കറ്റ് വിൽപ്പന നടത്തുന്നവർക്കെതിരെ കേസ്സുകൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സുപ്രീംകോടതിയുടെ വിധിക്കെതിരെ സർക്കാർ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ പെറ്റീഷൻ ഫയൽ ചെയ്തതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓൺലൈൻ ലോട്ടറി, വ്യാപാരികളും പലരും അടയ്ക്കേണ്ട നികുതി അടയ്ക്കാതെ കണ്ടതിനാൽ വാണിജ്യ നികുതി വകുപ്പിന്റെ കമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. നികുതി ഈടാക്കാനുള്ള നടപടിയും എടുത്തിട്ടുണ്ട്.

(ബി) ലോട്ടറീസ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 4-ലെ നിബന്ധനകളുടെ ലംഘനത്തിനെതിരായി എഫ്. ഐ. ആർ. ഫയൽ ചെയ്ത കേസുകളിൽ തുടർനടപടി സ്വീകരിക്കില്ലെന്നും ഇനിമേലിൽ എഫ്. ഐ. ആർ. ഫയൽ ചെയ്യില്ലെന്നും ചീഫ് സെക്രട്ടറി ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീംകോടതിയുടെ 24-1-2005-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സത്യവാങ്മൂലം നൽകിയത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേന്ദ്രനിയമത്തിലെ സെക്ഷൻ 4-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള ഭാഗ്യക്കുറികളുടെ ടിക്കറ്റ് വിൽപ്പനയാണ് സംസ്ഥാനത്ത് നടക്കുന്നത്. നിയമം ലംഘിക്കുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) നിയമോപദേശ പ്രകാരം റിവ്യൂ പെറ്റീഷൻ പ്രസക്തിയില്ല.

സാമ്പത്തിക ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി

44 [2653] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാന്റ് ലഭിക്കുന്ന ഏതെല്ലാം തദ്ദേശ സ്വയംഭരണങ്ങളിലേയും ഇതര സ്ഥാപനങ്ങളിലേയും സാമ്പത്തിക ക്രമക്കേടുകളാണ് ലോക്കൽ ഫണ്ട് ആഡിറ്റ് കണ്ടെത്തിയിട്ടുള്ളത്;

(ബി) എത്ര ലക്ഷം രൂപയുടെ ക്രമക്കേടുകളാണ് ആകെ കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട എത്ര ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടികൾ ശുപാർശ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, ഹിന്ദുമത ധർമ്മ സ്ഥാപനങ്ങൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ക്ഷേമനിധികൾ, സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, വികസന അതോറിറ്റികൾ, മറ്റ് മിസലേനിയസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly